"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ശ്രീ.മുനീർ.എസും മറ്റുള്ളവരും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.1498/2020 നമ്പർ കേസിലെ 16.08.2021 - ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.7/2022/ഉ.വി.വ തീയതി,തിരുവനന്തപുരം, 06/01/2022

പരാമർശം :-

1. ശ്രീ.മുനീർ.എസും മറ്റുള്ളവരും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.1498/2020 നമ്പർ കേസിലെ 16.08.2021 - ലെ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 20.04.2021, 25.05.2021, 20.09.2021 തീയതികളിലെ എ9-2/68/2019/കെ.പി.എസ്.സി നമ്പർ കത്തുകൾ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.09.2021 – ലെ എ2/12725/2021/കോ.വി.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 16.08.2017 – ൽ നിലവിൽ വന്ന മലയാളം ലക്ചറർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ഗ്രീഷ്മാരാജ്, ശ്രീമതി.ആതിര.ടി.ആർ മുതലായവർക്ക് പി.എച്ച്.ഡി/എം.ഫിൽ എന്നിവയുടെ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടെന്ന 18/08/2020-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് വെയിറ്റേജ് മാർക്ക് അനുവദിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുന:ക്രമീകരിച്ച് 21/12/2020-ൽ പി.എസ്.സി Errattum Notification പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. റിവൈസ് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.മുനീർ.എസ് മുതലായവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ O.A No.1498/2020 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു.

2. പ്രസ്തുത കേസിലെ പരാമർശം (1) - ലെ ഉത്തരവിൽ പരാതിക്കാർ സമർപ്പിച്ച നിവേദനങ്ങൾ KS&SSR ഭാഗം II ചട്ടം 39 നിയമ പ്രകാരം പരിശോധിച്ച് അപേക്ഷകരെ നേരിൽ കേട്ട ശേഷം കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച രണ്ട് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഈ കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ടി വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിധി നടപ്പിലാക്കണമെന്നാണ് ബഹു.കോടതി ഉത്തരവായിരുന്നത്. അത് പ്രകാരം 23.09.2021 - ൽ അപേക്ഷകരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയും, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികളുടെ സാന്നിധ്യത്തിൽ നേരിൽ കേട്ടിരുന്നു.

3. O.A No.1498/2020 നമ്പർ കേസിലെ അപേക്ഷകരായ ശ്രീ.മുനീർ.എസ്, ശ്രീമതി.ഗ്രീഷ്മ രാജ്, ശ്രീമതി.ബിന്ദു നരവത്ത് എന്നിവർ 16.08.2017 – ൽ നിലവിൽ വന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ ഇൻ മലയാളം മെയിൻ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നം.580/2012) യഥാക്രമം 98,39,28 എന്നീ റാങ്കുകൾ നേടിയ ഉദ്യോഗാർത്ഥികൾ ആയിരുന്നു. ടിയാളുകൾക്ക് പി.എച്ച്.ഡി/എം.ഫിൽ എന്നിവയുടെ വെയിറ്റേജ് മാർക്കിന് അർഹത ഉണ്ടെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും, ബഹു.ഹൈക്കോടതിയും വിധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ Erratum Notification പ്രസിദ്ധീകരിക്കുകയും, അപ്രകാരം ടിയാളുകളുടെ റാങ്ക് നില യഥാക്രമം 61A, 25A, 17A എന്നിങ്ങനെ മാറുകയുമുണ്ടായി. ഓപ്പൺ വിഭാഗത്തിൽ 24 വരെയും, ഈഴവവിഭാഗത്തിൽ 29 വരെയും, മുസ്ലിം വിഭാഗത്തിൽ 84 വരെയുമുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിച്ചിട്ടുള്ളതിനാൽ,

Erratum Notification പ്രകാരം തങ്ങൾ മൂവരുടേയും റാങ്ക് നില നിലവിൽ നിയമനം ലഭിച്ച മേൽ പറഞ്ഞ റാങ്കുകൾക്കുള്ളിലാണെന്നും, എന്നാൽ തങ്ങൾക്ക് ഇത് വരെയും നിയമനം ലഭിച്ചിട്ടില്ലെന്നും, ആയതിനാൽ ബഹു.കോടതി വിധി കണക്കിലെടുത്ത് KS&SSR Rule 39 - ന്റെ ആനുകൂല്യം നല്കി തങ്ങൾക്ക് നിയമനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഹിയറിംഗ് വേളയിൽ അപേക്ഷകർ ആവശ്യപ്പെട്ടിരുന്നു. സമാനമായ ആവശ്യം ഉന്നയിച്ച ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ആതിര.ടി.ആർ ഉം നിവേദനം സമർപ്പിച്ചിരുന്നു.

4. Erratum Notification പ്രകാരം റൊട്ടേഷൻ റിവൈസ് ചെയ്യുമ്പോൾ 06.11.2019 - ലും, 02.06.2020 - ലും നിയമന ശിപാർശ നൽകിയ ശ്രീമതി.ധന്യമോൾ.വി, ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവർ റൊട്ടേഷനിൽ നിന്നും Oust ചെയ്യപ്പെടുകയും, ശ്രീമതി.ആതിര ടി.ആർ (Rank No Changed from 33 to 21 A), ശ്രീമതി.ബിന്ദു നരവത്ത് (Rank No Changed from 28 to 17 A), ശ്രീ.മുനീർ എസ് (Rank No Changed from 98 to 61A) എന്നിവർ പുതുതായി Rotation - ൽ ഉൾപ്പെടുകയും ചെയ്യും. എന്നാൽ OA 1498/2020 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്ന അപേക്ഷകരിൽ ഒരാളായ ശ്രീമതി.ഗ്രീഷ്മ രാജിന്റെ റാങ്ക് നമ്പർ 39 ൽ നിന്നും 25 A ലേക്ക് മാറിയിട്ടുണ്ടെങ്കിലും, റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ടിയാരിയുടെ turn arise ചെയ്യാത്തതിനാൽ ടിയാരി Revised Rotation - ൽ ഉൾപ്പെടാത്തതിനാൽ ടിയാരിക്ക് നിയമനത്തിന് അർഹത ഇല്ല. ശ്രീമതി.ആതിര ടി.ആർ ഫയൽ ചെയ്ത OA(EKM) 1847/2020 നമ്പർ കേസ് ട്രിബ്യൂണൽ മുൻപാകെ pending ആണെങ്കിലും, ടിയാരി Revised Rotation - ൽ ഉൾപ്പെടുന്നതിനാൽ ടിയാരിക്കും നിയമനത്തിന് അർഹത ഉണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്ന എല്ലാ ഒഴിവിലേക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നും, റൊട്ടേഷൻ റിവൈസ് ചെയ്യുന്നത് വഴി Oust ആകുന്ന മൂന്ന് ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ Rule 3(c) KS&SSR ചട്ടങ്ങൾ പ്രകാരം റദ്ദാകുന്നതിനുള്ള സമയ പരിധി കഴിഞ്ഞതായും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഉള്ള ഉദ്യോഗസ്ഥർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അധ്യാപക നിയമനത്തിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ നിന്നും പി.ജി കോഴ്സുകൾക്ക് നല്കിയിരുന്ന അധിക വെയിറ്റേജ് ഒഴിവാക്കിയപ്പോൾ അധിക തസ്തികകൾ ഉണ്ടെന്ന് കണ്ടെത്തിയതിനാൽ മലയാള വിഭാഗത്തിൽ നിലവിലുള്ള 8 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉള്ള ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6. കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മലയാളം ലക്ചർ തസ്തികയിലേക്ക് 16/08/2017- ൽ നിലവിൽ വന്ന മെയിൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 15/08/2020-ൽ അവസാനിച്ചിട്ടുള്ളതാണ്. ചട്ടങ്ങളുടെ പ്രയോഗം മൂലം സാമാന്യ നീതി നിഷേധിക്കപ്പെടുന്ന അത്യപൂർവ്വം കേസുകളിൽ അത്യധികം അവധാനതയോടെ മാത്രം പ്രയോഗിക്കേണ്ടതാണ് പൊതുചട്ടം 39. Errattum Notification പ്രകാരം റിവൈസ് ചെയ്ത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ആതിര.ടി.ആർ മുതലായവരുടെ turn റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ആവിർഭവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുകൾക്ക് നിയമനത്തിന് അർഹത ഉണ്ടെന്നും, ടിയാളുകളെ നിയമനത്തിനായി പരിഗണിക്കുമ്പോൾ 06.11.2019, 02.06.2020 എന്നീ തീയതികളിൽ നിയമന ശുപാർശ ലഭിച്ച സർവ്വീസിൽ തുടരുന്ന ശ്രീമതി.ധന്യമോൾ.വി. ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവർ oust ചെയ്യപ്പെടുമെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. KS&SSR ഭാഗം II, ചട്ടം 3(C) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തെറ്റായി നിയമനശുപാർശ നൽകിയിട്ടുണ്ടെങ്കിൽ ആയത് നൽകി ഒരു വർഷത്തിനുള്ളിൽ പ്രസ്തുത നിയമനശുപാർശ പിൻവലിക്കാവുന്നതാണ്. ഈ കേസിൽ നിയമന ശുപാർശ ലഭിച്ച ശ്രീമതി.ധന്യമോൾ മുതൽപ്പേർക്ക് നിയമന ശുപാർശ ലഭിച്ച് ഒരു വർഷം അധികരിച്ചിട്ടുള്ളതിനാൽ, പ്രസ്തുതചട്ട പ്രകാരം നിയമനശുപാർശ റദ്ദാക്കാനാവില്ല.

7. സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന വിശേഷാൽ അധികാരം ഉപയോഗിച്ച് നിയമനം നൽകുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. എന്നാൽ അപ്രകാരം നിയമനം നൽകുന്ന വേളയിൽ പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ നിയമാനുസൃതചട്ടങ്ങളോ ഉത്തരവോ പ്രകാരം ലഭ്യമായവരുടെ അവകാശങ്ങൾക്കു ദോഷകരമാകുന്നില്ലായെന്നത് കൂടി ഉറപ്പുവരുത്തേണ്ടതാണെന്ന് കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. OA 1498/2020 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്ന അപേക്ഷകരിൽ ഒരാളായ ശ്രീമതി.ഗ്രീഷ്മ രാജിന്റെ turn ആവിർഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിയമനത്തിന് അർഹത ഇല്ലായെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വ്യക്തമാക്കിയിട്ടുള്ളതിനാൽ, ശ്രീമതി.ഗ്രീഷ്മ രാജിന്

നിയമനം നൽകുന്ന വിഷയം പരിഗണിക്കാനാകില്ല.മേൽ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനശിപാർശയിൽകൂടി തെറ്റായി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി.ധന്യമോൾ.വി, ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവരെ കേരളാ സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം രണ്ട് ചട്ടം 7 പ്രകാരം തൽക്കാലം പ്രസ്തുത തസ്തികകളിൽ നിന്നും മാറ്റി നിർത്തിയും അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിൽ ഇപ്പോൾ നിയമനത്തിന് അർഹരാണെന്ന് കണ്ടെത്തിയ ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി ആതിര ടി.ആർ, ശ്രീ.മുനീർ.എസ് എന്നിവർക്ക് കേരളാ സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം രണ്ട് ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് നിയമനം നൽകിയും മേൽപ്പറഞ്ഞപ്രകാരം മാറ്റിനിർത്തിയവരെ തുടർന്ന് വരുന്ന അർഹതപ്പെട്ട ഒഴിവുകളിൽ അബ്സോർബ് ചെയ്യാൻ തീരുമാനിച്ചും, OA No.1498/2020 നമ്പർ കേസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.08.2021 - ലെ ഉത്തരവ് പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വേണു വി ഐഎഎസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ,എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി ,കേരള പബ്ലിക് സർവീസ് കമ്മീഷൻ ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാ-ബി) വകുപ്പ് (27.11.2021 ലെ EDN-B3/168/2021-FINനമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ് - ബി) വകുപ്പ് (16.10.2021 – ലെ ADV-B3/154/2021-P&ARD നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
നിയമ വകുപ്പ് (10.11.2021 - ലെ 18959/Opinion F1/2021/Law നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (05.01.2022 - ലെ 481 -ാം നമ്പർ ഇനം പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-01-2022

ഫയൽ നം. എഫ്2/87/2021/ഉ.വി.വ. ഇനം നം: 481

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - ശ്രീ.മുനീർ. എസ്-ഉം മറ്റുള്ളവരും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 1498/2020 നമ്പർ കേസിലെ 16.08.2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KS&SSR ഭാഗം II ചട്ടം 39 പ്രകാരം അപേക്ഷകർക്ക് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary
Higher Education & Environment Departments

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്2/87/2021/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | ശ്രീ.മുനീർ.എസും മറ്റുള്ളവരും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.1498/2020 നമ്പർ കേസിലെ 16.08.2021 - ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KS&SSR ഭാഗം II ചട്ടം 39 പ്രകാരം അപേക്ഷകർക്ക് നിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30/12/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.01.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.01.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.ആർ.ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.01.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.01.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീ.മുനീർ.എസും മറ്റുള്ളവരും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No.1498/2020 നമ്പർ കേസിലെ 16.08.2021 - ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KS&SSR ഭാഗം II ചട്ടം 39 പ്രകാരം അപേക്ഷകർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. O.A No.1498/2020 നമ്പർ കേസിലെ 16.08.2021 - ലെ ഉത്തരവിൽ പരാതിക്കാർ സമർപ്പിച്ച നിവേദനങ്ങൾ KS&SSR ഭാഗം II ചട്ടം 39 നിയമ പ്രകാരം പരിശോധിച്ച് അപേക്ഷകരെ നേരിൽ കേട്ട ശേഷം കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഈ കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ടി വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിധി നടപ്പിലാക്കണമെന്നാണ് കോടതി ഉത്തരവായിട്ടുള്ളത്. 23.09.2021 - ൽ അപേക്ഷകരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയും, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികളുടെ സാന്നിധ്യത്തിൽ നേരിൽ കേട്ടിരുന്നു.

3. O.A No.1498/2020 നമ്പർ കേസിലെ അപേക്ഷകരായ ശ്രീ.മുനീർ.എസ്, ശ്രീമതി.ഗ്രീഷ്മ രാജ്, ശ്രീമതി.ബിന്ദു നരവത്ത് എന്നിവർ 16.08.2017 – ൽ നിലവിൽ വന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ ഇൻ മലയാളം മെയിൻ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നം.580/2012) യഥാക്രമം 98,39,28 എന്നീ റാങ്കുകൾ നേടിയ ഉദ്യോഗാർത്ഥികൾ ആയിരുന്നു. ടിയാളുകൾക്ക് പി.എച്ച്.ഡി/എം.ഫിൽ എന്നിവയുടെ വെയിറ്റേജ് മാർക്കിന് അർഹത ഉണ്ടെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലും, ബഹു.ഹൈക്കോടതിയും വിധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ Erratum Notification പ്രസിദ്ധീകരിക്കുകയും, അപ്രകാരം ടിയാളുകളുടെ റാങ്ക് നില യഥാക്രമം 61A, 25A, 17A എന്നിങ്ങനെ മാറുകയുമുണ്ടായി. ഓപ്പൺ വിഭാഗത്തിൽ 24 വരെയും, ഈഴവവിഭാഗത്തിൽ 29 വരെയും, മുസ്ലിം വിഭാഗത്തിൽ

84 വരെയുമുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിച്ചിട്ടുള്ളതിനാൽ, Erratum Notification പ്രകാരം തങ്ങൾ മൂവരുടേയും റാങ്ക് നില നിലവിൽ നിയമനം ലഭിച്ച മേൽ പറഞ്ഞ റാങ്കുകൾക്കുള്ളിലാണെന്നും, എന്നാൽ തങ്ങൾക്ക് ഇത് വരെയും നിയമനം ലഭിച്ചിട്ടില്ലെന്നും, ആയതിനാൽ ബഹു.കോടതി വിധി കണക്കിലെടുത്ത് KS&SSR Rule 39 - ന്റെ ആനുകൂല്യം നല്കി തങ്ങൾക്ക് നിയമനം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഹിയറിംഗ് വേളയിൽ അപേക്ഷകർ ആവശ്യപ്പെട്ടിരുന്നു. സമാനമായ ആവശ്യം ഉന്നയിച്ച ടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ആതിര.ടി.ആർ ഉം നിവേദനം സമർപ്പിച്ചിരുന്നു.

4. Erratum Notification പ്രകാരം റൊട്ടേഷൻ റിവൈസ് ചെയ്യുമ്പോൾ 06.11.2019 - ലും, 02.06.2020 - ലും നിയമന ശിപാർശ നൽകിയ ശ്രീമതി.ധന്യമോൾ.വി, ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവർ റൊട്ടേഷനിൽ നിന്നും Oust ചെയ്യപ്പെടുകയും, ശ്രീമതി.ആതിര ടി.ആർ (Rank No Changed from 33 to 21 A), ശ്രീമതി.ബിന്ദു നരവത്ത് (28 to 17 A), ശ്രീ.മുനീർ എസ് (98 to 61A) എന്നിവർ പുതുതായി Rotation - ൽ ഉൾപ്പെടുകയും ചെയ്യും. എന്നാൽ OA 1498/2020 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്ന അപേക്ഷകരിൽ ഒരാളായ ശ്രീമതി.ഗ്രീഷ്മ രാജിന്റെ റാങ്ക് നമ്പർ 39 ൽ നിന്നും 25 A ലേക്ക് മാറിയിട്ടുണ്ടെങ്കിലും, റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ടിയാരിയുടെ turn arise ചെയ്യാത്തതിനാൽ ടിയാരി Revised Rotation - ൽ ഉൾപ്പെടാത്തതിനാൽ ടിയാരിക്ക് നിയമനത്തിന് അർഹത ഇല്ല. ശ്രീമതി.ആതിര ടി.ആർ ഫയൽ ചെയ്ത OA(EKM)1847/2020 നമ്പർ കേസ് ട്രിബ്യൂണൽ മുൻപാകെ pending ആണെങ്കിലും, ടിയാരി Revised Rotation - ൽ ഉൾപ്പെടുന്നതിനാൽ ടിയാരിക്കും നിയമനത്തിന് അർഹത ഉണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്ന എല്ലാ ഒഴിവിലേക്കും നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നും, റൊട്ടേഷൻ റിവൈസ് ചെയ്യുന്നത് വഴി Oust ആകുന്ന മൂന്ന് ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ Rule 3(c) KS&SSR ചട്ടങ്ങൾ പ്രകാരം റദ്ദാകുന്നതിനുള്ള സമയ പരിധി കഴിഞ്ഞതായും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഉള്ള ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അധ്യാപക നിയമനത്തിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ നിന്നും പി.ജി കോഴ്സുകൾക്ക് നല്കിയിരുന്ന

അധിക വെയിറ്റേജ് ഒഴിവാക്കിയപ്പോൾ അധിക തസ്തികകൾ ഉണ്ടെന്ന് കണ്ടെത്തിയതിനാൽ മലയാള വിഭാഗത്തിൽ നിലവിലുള്ള 8 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഉള്ള ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിരുന്നു.

6. മേൽ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മലയാളം ലക്ചർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ഗ്രീഷ്മാരാജ്, ശ്രീമതി.ആതിര.ടി.ആർ മുതലായവർക്ക് പി.എച്ച്.ഡി/എം.ഫിൽ എന്നിവയുടെ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടെന്ന 18/08/2020-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് വെയിറ്റേജ് മാർക്ക് അനുവദിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുന:ക്രമീകരിച്ച് 21/12/2020-ൽ പി.എസ്.സി Errattum Notification പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ റാങ്ക് ലിസ്റ്റ് റിവൈസ് ചെയ്തതിൽ ശ്രീ.മുനീർ.എസ് മുതലായവരുടെ റാങ്ക് നില വ്യത്യാസപ്പെട്ടിട്ടുണ്ട്. റിവൈസ് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.മുനീർ.എസ് മുതലായവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഹർജിയിൻമേൽ, KS&SSR, Rule 39 പ്രകാരം പരിശോധിച്ച് അപേക്ഷകരെ നേരിൽ കേട്ട ശേഷം, പി.എസ്.സി യുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് വിധി നടപ്പിലാക്കണമെന്നാണ് കോടതി ഉത്തരവായിട്ടുള്ളത്.*

*(2) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മലയാളം ലക്ചർ തസ്തികയിലേക്ക് 16/08/2017-ൽ നിലവിൽ വന്ന മെയിൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 15/08/2020-ൽ അവസാനിച്ചിട്ടുള്ളതാണ്. ചട്ടങ്ങളുടെ പ്രയോഗം മൂലം സാമാന്യ നീതി നിഷേധിക്കപ്പെടുന്ന അത്യപൂർവ്വം കേസുകളിൽ അത്യധികം അവധാനതയോടെ മാത്രം പ്രയോഗിക്കേണ്ടതാണ് പൊതുചട്ടം 39. Errattum Notification പ്രകാരം റിവൈസ് ചെയ്ത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ആതിര.ടി.ആർ മുതലായവരുടെ turn റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ആവിർഭവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുകൾക്ക് നിയമനത്തിന് അർഹത ഉണ്ടെന്നും, ടിയാളുകളെ നിയമനത്തിനായി പരിഗണിക്കുമ്പോൾ 06.11.2019, 02.06.2020 എന്നീ തീയതികളിൽ നിയമന ശുപാർശ ലഭിച്ച് സർവ്വീസിൽ തുടരുന്ന ശ്രീമതി.ധന്യമോൾ.വി. ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവർ oust ചെയ്യപ്പെടുമെന്നും പി.എസ്.സി*

*വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ KS&SSR ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിഷിപ്തമായിരിക്കുന്ന വിശേഷാൽ അധികാരം ഉപയോഗിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്ന കാര്യം ഭരണവകുപ്പിനു തീരുമാനിക്കാവുന്നതാണ്.*

*(3) KS&SSR ഭാഗം II, ചട്ടം 3(C) പ്രകാരം പി.എസ്.സി തെറ്റായി നിയമനശുപാർശ നൽകിയിട്ടുണ്ടെങ്കിൽ ആയത് നൽകി ഒരു വർഷത്തിനുള്ളിൽ പ്രസ്തുത നിയമനശുപാർശ പിൻവലിക്കാവുന്നതാണ്. ഈ കേസിൽ നിയമന ശുപാർശ ലഭിച്ച ശ്രീമതി.ധന്യമോൾ മുതൽപ്പേർക്ക് നിയമന ശുപാർശ ലഭിച്ച് ഒരു വർഷം അധികരിച്ചിട്ടുള്ളതിനാൽ, പ്രസ്തുതചട്ട പ്രകാരം നിയമനശുപാർശ റദ്ദാക്കാനാവില്ല. ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ആതിര.ടി.ആർ മുതലായവരെ നിയമനത്തിനായി പരിഗണിക്കുമ്പോൾ, ശ്രീമതി.ധന്യമോൾ.വി. മുതലായവരെ accommodate ചെയ്യുന്നതിനായി വകുപ്പിൽ ഒഴിവില്ലയെങ്കിൽ, KS&SSR ഭാഗം II ചട്ടം 7 പ്രകാരം ടിയാളുകളെ retrench ചെയ്ത ശേഷം വകുപ്പിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ അബ്സോർബ് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ടിയാളുകളെ വകുപ്പിൽ അബ്സോർബ് ചെയ്യേണ്ടതുള്ളതിനാൽ ഭാവിയിൽ പി.എസ്.സി - ക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്യുമ്പോൾ ടി കാര്യം പരിഗണിക്കണമെന്നും വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ശ്രീമതി.ഗ്രീഷ്മ രാജിന്റെ turn ആവിർഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിയമനത്തിന് അർഹത ഇല്ലായെന്ന് പി.എസ്.സി വ്യക്തമാക്കിയിട്ടുള്ളതിനാൽ, ശ്രീമതി.ഗ്രീഷ്മ രാജിന് നിയമനം നൽകുന്ന വിഷയം പരിഗണിക്കാവുന്നതല്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

7. മേൽ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന വിശേഷാൽ അധികാരം ഉപയോഗിച്ച് നിയമനം നൽകുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. എന്നാൽ അപ്രകാരം നിയമനം നൽകുന്ന വേളയിൽ പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ നിയമാനുസൃതചട്ടങ്ങളോ ഉത്തരവോ പ്രകാരം ലഭ്യമായവരുടെ അവകാശങ്ങൾക്കു ദോഷകരമാകുന്നില്ലായെന്നത് കൂടി ഉറപ്പുവരുത്തേണ്ടതാണ്.*

8. മേൽ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നുവെന്നും KS&SSR ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ*

നിഷിപ്തമായിരിക്കുന്ന വിശേഷാൽ അധികാരം ഉപയോഗിച്ച് ശ്രീ.മുനീർ.എസ്, ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി.ആതിര.ടി.ആർ മുതലായവർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്ന കാര്യം ഭരണവകുപ്പ് പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

9. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനശിപാർശയിൽകൂടി തെറ്റായി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി.ധന്യമോൾ.വി, ശ്രീമതി.കാരുണ്യ.വി.എം, ശ്രീമതി.ഷീജ.എസ് എന്നിവരെ കേരളാ സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം രണ്ട് ചട്ടം 7 പ്രകാരം തൽക്കാലം പ്രസ്തുത തസ്തികകളിൽ നിന്നും മാറ്റി നിർത്തിയും അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിൽ ഇപ്പോൾ നിയമനത്തിന് അർഹരാണെന്ന് കണ്ടെത്തിയ ശ്രീമതി.ബിന്ദു നരവത്ത്, ശ്രീമതി ആതിര ടി.ആർ, ശ്രീ.മുനീർ.എസ് എന്നിവർക്ക് കേരളാ സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ഭാഗം രണ്ട് ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് നിയമനം നൽകിയും മേൽപ്പറഞ്ഞപ്രകാരം മാറ്റിനിർത്തിയവരെ തുടർന്ന് വരുന്ന അർഹതപ്പെട്ട ഒഴിവുകളിൽ അബ്സോർബ് ചെയ്തും,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കാവുന്നതാണോ?